ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തിവരുന്നു. ഗവി വരെ സന്ദർശകർക്ക് എത്തിപ്പെടുന്നതിനുള്ള ക്രമീകരണങ്ങളും നിയന്ത്രണങ്ങളും വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഗുഡ്രിക്കൽ റെയിഞ്ചിലെ കൊച്ചാണ്ടി ചെക്ക് പോസ്റ്റുവഴി ഗവിയിലേക്ക് പോകുന്ന വിനോദസഞ്ചാരികളുമായി ശനി, ഞായർ ദിവസങ്ങളിൽ ആദ്യമെത്തുന്ന 30 വാഹനങ്ങൾക്കും മറ്റു ദിവസങ്ങളിൽ ആദ്യം എത്തുന്ന 10 വാഹനങ്ങൾക്കും പ്രവേശനം അനുവദിക്കുന്നുണ്ട്. കൂടാതെ പെരിയാർ ടൈഗർ റിസർവ്വിന്റെ ആഭിമുഖ്യത്തിൽ 32 ആളുകൾക്ക് സഞ്ചരിക്കാവുന്ന ഒരു ബസ്സ് വള്ളക്കടവ് മുതൽ കൊച്ചുപമ്പവരെ ദിവസം 3 പ്രാവശ്യം സന്ദർശകരെ കൊണ്ടു പോയി തിരിച്ചു കൊണ്ടുവരുന്നുണ്ട്.

(ബി) വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) നടപടികൾ സ്വീകിരച്ചിട്ടുണ്ട്. നിലവിൽ തേക്കടിയിൽ ടൂറിസ്റ്റ് സെന്ററിനുള്ളിൽതന്നെയാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്. എന്നാൽ വന്യമൃഗങ്ങളുടെ സൈ്വരവിഹാരത്തെ ഇതുബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ വാഹനങ്ങൾ കേന്ദ്രത്തിനു പുറത്തു പാർക്ക് ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും പാർക്കിനുള്ളിൽ വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്കുകൾ ദിവസേന നീക്കം ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) പെരിയാർ ടൈഗർ റിസർവ്വിൽ മാനേജുമെന്റ് പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇറിടെ ബോധവൽക്കരണത്തിനായി ഒരു നാചുറൽ ഹിസ്റ്ററി മ്യൂസിയവും സന്ദർശകർക്കായി ഒരു കഫറ്റേരിയയും നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ സന്ദർശക ബാഹുല്യം നിമിത്തം ടൈഗർ റിസർവ്വിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി പെരിയാർ ടൈഗർ റിസർവിനകത്തെ വാഹന പാർക്കിംഗ് സൗകര്യം ആനവച്ചാൽ ഭാഗത്താക്കിക്കൊണ്ട് പാർക്ക് മാനേജുമെന്റിന്റെ നിയന്ത്രണത്തിൽ വാഹനങ്ങൾ വാങ്ങി സന്ദർശകരെ പാർക്കിനുള്ളിലേക്ക് കൊണ്ടുപോയി തിരിച്ചുകൊണ്ടു വരാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

### ഫോറസ്റ്റ് വൈൽഡ് ലൈഫ് വാച്ചർമാരുടെ നിയമനം

**119 (3335)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറസ്റ്റ് വൈൽഡ്ലൈഫ് വാച്ചർമാരുടെ നിയമനം പി.എസ്.സി. മുഖേനയാക്കിക്കൊണ്ട് ഉത്തരവായതുമൂലം നിലവിൽ വാച്ചർമാരായി ജോലി നോക്കി വരുന്നവരുടെ ജോലി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത് ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വാച്ചർമാരുടെ ജോലി നഷ്ടപ്പെടാതിരിക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനം വകുപ്പിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള റിസർവ്വ് വാച്ചർ/ ഡിപ്പോ വാച്ചർ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അംഗീകൃത തസ്തികകളിൽ മാത്രമേ ചട്ടപ്രകാരം നിയമനം നൽകാറുള്ളൂ. ആയതിനാൽ അംഗീകൃത തസ്തികകളിൽ ചട്ടപ്രകാരം നിയമനം ലഭിച്ചവർക്ക് ജോലി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം നിലവിലില്ല.

(ബി&സി) ചോദ്യം (എ)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി**

**120 (3336)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു ; എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തു ; ഒഴിപ്പിച്ചെടുത്ത വനഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കാമോ ;

(ബി) വനഭൂമി കയ്യേറുന്നത് തടയുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; ആർക്കെതിരെയെല്ലാമാണ് കേസ് എടുത്തത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം താലൂക്കുകളിലെ ഏതെല്ലാം പ്രദേശങ്ങളെയാണ് വനം വകുപ്പ് പരിസ്ഥിതി ദുർബല പ്രദേശങ്ങളായി നോട്ടിഫൈ ചെയ്തിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഒറ്റപ്പാലം താലൂക്കിൽ പരിസ്ഥിതി പ്രദേശം ഡീനോട്ടിഫൈ ചെയ്യുവാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ ; കന്യാവനങ്ങൾ, സ്വകാര്യവനങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം വിശദാംശം നൽകാമോ ;

(എഫ്) 2008 മാർച്ച് മാസത്തെ കണക്കിൻപ്രകാരം സംസ്ഥാനത്ത് എത്ര വനഭൂമി ഉണ്ടായിരുന്നു ; വ്യക്തമാക്കുമോ ;

(ജി) 2012 ഡിസംബർ മാസത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര വനഭൂമി ഉണ്ടെന്ന് വിശദീകരിക്കുമോ ;

(എച്ച്) 2006 മുതൽ 2011 വരെ എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു ; എത്ര ഏക്കർ ഭൂമിയാണ് ഒഴിപ്പിച്ചത് ; വിശദമായ റിപ്പോർട്ട് നൽകാമോ ?